# അക്കാദമിക് മാസ്റ്റർപ്ലാൻ
# *2025-26*

## വിദ്യാലയത്തിന്റെ പേര് :ഗവ. യു. പി. സ്കൂൾ മണിയാറ്റ്

വില്ലേജ് :പുനലൂർ

ഉപജില്ല :പുനലൂർ

വിദ്യാഭ്യാസ ജില്ല :പുനലൂർ

റവന്യൂ ജില്ല :കൊല്ലം

വർഷം : 2025-2026

# ആമുഖം

പുനലൂർ മുനിസിപ്പാലിറ്റിയിലെ കേളങ്കാവ്, അഷ്ടമംഗലം, മണിയാർ, തൊളിക്കോട് എന്നീ വാർഡുകളിലെ ജനങ്ങൾക്ക് ലഭ്യമായ ഏക അപ്പർ പ്രൈമറി സ്കൂളാണ് ഗവ. യു. പി. എസ്. മണിയാർ, 1948 ൽ ആരംഭിച്ച ഈ വിദ്യാലയം മണിയാറിന്റെയും കേരളത്തിന്റെയും സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ തിളക്കമാർന്ന നിരവധി വ്യക്തിത്വങ്ങളെ സൃഷ്ടിച്ചിട്ടുള്ള പാരമ്പര്യം പേറുന്ന വിദ്യാലയമാണ്. ഡോക്ടർമാർ, എൻജിനിയർമാർ, ഉന്നത ഉദ്യോഗസ്ഥർ, ജഡ്ജിമാർ തുടങ്ങി നിരവധി രംഗങ്ങളിൽ ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികൾ സേവനമനുഷ്ഠിച്ചിട്ടുണ്ട്. രൂപീകരണത്തിന്റെ 77 വർഷങ്ങൾ പൂർത്തിയാകുമ്പോൾ പ്രീപ്രൈമറി മുതൽ 7-ാം ക്ലാസുവരെ 167 - വിദ്യാർത്ഥികൾ നിലവിൽ ഈ സ്കൂളിൽ പഠിക്കുന്നുണ്ട്.

ഹെഡ് മാസ്റ്റർ ഉൾപ്പെടെ 3 UP സ്കൂൾ ടീച്ചർമാരും 4 LP സ്കൂൾ ടീച്ചർമാരും ഒരു പാർടൈം ഹിന്ദി ലാഗ്വേജ് ടീച്ചറും പ്രിപ്രൈമറി വിഭാഗത്തിൽ ഒരു ടീച്ചറും ആയയും ഒരു ഓഫീസ് അറ്റൻഡന്റും ഇപ്പോൾ സ്കൂളിൽ ജോലി നോക്കുന്നുണ്ട്. മികച്ച അദ്ധ്യയന അനുഭവം കുട്ടികൾക്ക് സമ്മാനിക്കുവാൻ ആവശ്യമായ ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിൽ SMC, PTA, LSGD അംഗങ്ങൾ, പൂർവ്വവിദ്യാർത്ഥികൾ,നാട്ടുകാർ എന്നിവരുടെ സജീവമായ ഇടപെടലും നിർദ്ദേശങ്ങളും ലഭ്യമായിരുന്നു. ഇത് സമഗ്രമായ ഒരു അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് സഹായകമായി.

പരീക്ഷകളിൽ ശരാശരി നിലവാരം പുലർത്തുന്ന കുട്ടികളാണ് നമ്മുടെ സ്കൂളിൽ ഏറെയും അവരെ ഉയർത്തുന്നതിനുള്ള നിരവധി പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. കാലാകായിക ശാസ്ത്രമേളകളിലും നിലവിൽ മികച്ച പങ്കാളിത്തമാണ് നാം നടത്തുന്നത്. രക്ഷിതാക്കളുടെ സാമൂഹിക സാമ്പത്തിക സ്ഥിതി പലപ്പോഴും പ്രതികൂലമായി ബാധിക്കാറുണ്ട്. വിഷയാടിസ്ഥാനമായുള്ള ലാബുകളും ലൈബ്രറിയും സ്മാർട്ട് ക്ലാസ് റൂം ലഭ്യമാക്കാത്തത് അക്കാദമിക രംഗത്ത് കൂടുതൽ മികച്ച പ്രവർത്ത നങ്ങൾ നടത്തുന്നതിന് തടസ്സമാണ്. വരുന്ന 3 വർഷം കൊണ്ട് ഈ പരിമിതികളെ മറികടന്ന് മികച്ച അക്കാദമിക അനുഭവം സൃഷ്ടിക്കുവാൻ ഈ മാസ്റ്റർ പ്ലാൻ സഹായകമാകുമെന്ന് ഞങ്ങൾ കരുതുന്നു.

# സ്കൂൾ ചരിത്രം

പുനലൂർ നഗരസഭയിലുൾപ്പെട്ടതാണെങ്കിലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രദേശമാണ് മണിയാർ. പട്ടികജാതി - പട്ടിക വർഗ്ഗ വിഭാഗങ്ങൾ ഉൾപ്പെടെ സാധാരണക്കാരാണ് ഇവിടുത്തെ ജനങ്ങളിൽ ഭൂരിഭാഗവും. 1948 - ൽ മണിയാർ വേമ്പനാട് സുബ്ബയ്യാപിള്ളയുടെ കളീലിലാണ് ആദ്യമായി ഇതിന്റെ

# 2025-26 വർഷം പ്രത്യേക പരിഗണന നൽകുന്ന പ്രവർത്തനങ്ങൾ

**യുപി മലയാളം**

സവിശേഷ വൈഭവമുള്ള കുട്ടികളെ അതിൻറെ പൂർണ്ണതയിൽ എത്തിക്കുക

1. കഥാസമാഹാരം തയ്യാറാക്കൽ

ജൂലൈ : ആദ്യ രചനകൾ

ഓഗസ്റ്റിൽ :എഡിറ്റിംഗ്

സെപ്റ്റംബറിൽ :മറ്റു പ്രവർത്തനങ്ങൾ

ഒക്ടോബറിൽ : പ്രിന്റിംഗ്

2,ആഴ്ചയിൽ ഒരിക്കൽ റേഡിയോ പ്രക്ഷേപണം

റേഡിയോ ക്ലബ്ബ് രൂപീകരണം : ജൂലൈ

കുരുന്നുവാണി പ്രക്ഷേപണം : ജൂലൈ

ഐടി ക്ലബ്ബ് രൂപീകരണവും മലയാളം കമ്പ്യൂട്ടിങ്ങും

**യു പി ഗണിതം**

ഗണിത മാഗസിൻ തയ്യാറാക്കൽ :

കെട്ടിട നിർമ്മാണ പ്ലാൻ തയ്യാറാക്കൽ :നവംബർ

**യുപി സയൻസ്**

ശാസ്ത്രനാടകം :ഒക്ടോബർ

ലഹരിവിരുദ്ധം

പച്ചക്കറി തോട്ട നിർമ്മാണം :ജൂലൈ

ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഒരു വർഷം മുഴുവൻ

**യുപി ഇംഗ്ലീഷ്**

language games puzzles and activities
English day October November

**യുപി സോഷ്യൽ സയൻസ്**

പ്രസംഗ പരിശീലനം:( എല്ലാ അസംബ്ലികളിലുംകുട്ടികൾക്ക് പ്രസംഗിക്കാനുള്ള അവസരം നൽകുന്നു )

വാർഡ് സഭയിൽ പങ്കെടുക്കണം

മാപ്പ് നിർമ്മാണം

സുരക്ഷാ പ്ലാൻ തയ്യാറാക്കലും ബോധവൽക്കരണവും

**എൽ പി മലയാളം**

പിറന്നാൾ പുസ്തകം

ഉച്ചവായന (എല്ലാ ദിവസവും എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്കുശേഷം ആദ്യ പിരീഡ് കുട്ടികളും അധ്യാപികയും വായിക്കുന്ന വായനാനുഭവം പങ്കുവയ്ക്കുന്നു )

**lp ഇംഗ്ലീഷ്**

word femiliarisation activities

# കാഴ്ചപ്പാട്

സ്വയം പഠനവും കൂട്ടായ പഠനവും പഠനപ്രക്രിയയുടെ ഭാഗമാക്കും

1.വിവരാധിഷ്ഠിത ലോകത്തിൽ അതിജീവിക്കുവാൻ ആവശ്യമായ ആത്മവിശ്വാസവും അറിവും പ്രാപ്തിയും ആർജ്ജിക്കുന്നതിനോടൊപ്പം മതനിരപേക്ഷത,ജനാധിപത്യബോധം,തുല്യത,സഹവർത്തിത്വം,സഹകരണം,അനുതാപം തുടങ്ങിയ ഒരു ജനാധിപത്യ സമൂഹത്തിന്റെ മുന്നോട്ട് പോകുന്നതിനാവശ്യമായ മൂല്യബോധങ്ങൾ ഉളവാക്കാൻ സഹായകമായ പഠനപ്രക്രിയയും പഠനാന്തരീക്ഷവും ഒരുക്കും.

2. പാരിസ്ഥിതിക അവബോധം, സാമൂഹിക അവബോധം, മാലിന്യനിർമ്മാർജ്ജനാവബോധം എന്നിവ ഉളവാക്കുവാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യും.

3. മികച്ച പഠനാനുഭവങ്ങൾ ഒരുക്കുന്നതിനായി വിദ്യാലയത്തിന്റെ മേൽനോട്ടവും നടത്തിപ്പും മെച്ചപ്പെടുത്തും.ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാ സാധ്യതകൾ പഠനപ്രവർത്തനത്തിനായി വിനിയോഗിക്കും.

4. പഠനത്തെ ജീവിതഗന്ധിയും പരിസരബന്ധിയും ആക്കുവാൻ ആവാസ പരിസര സാധ്യതകൾ പ്രയോജനപ്പെടുത്തും.

5. സ്കൂൾ കാമ്പസിനെ ഒരു പാഠപുസ്തകമായി വികസിപ്പിക്കും.

6.സ്കൂൾ വായനശാലകൾക്കും ലബോറട്ടറികൾ വിപുലപ്പെടുത്തുന്നതിനും ആധുനികവൽക്കരിക്കുന്നതിനും മുന്തിയ പരിഗണന നൽകും.

7. അക്കാദമികമായും, ഭൗതികമായും അന്താരാഷ്ട്ര നിലവാരമുള്ള ഒരു വിദ്യാലയമായി ഞങ്ങൾ മാറ്റും.

8. ജനകീയ സഹകരണത്തോടെ സ്കൂൾ പരിസരത്ത് മദ്യം, മയക്കുമരുന്ന് ലഭ്യത പൂർണമായും ഒഴിവാക്കാനാവശ്യമായ പ്രവർത്തനങ്ങൾ നടത്തും.

9. പ്ലാസ്റ്റിക് മുക്ത, കീടനാശിനിമുക്ത, ലഹരിമുക്ത, ക്യാമ്പസ് യാഥാർത്ഥ്യമാക്കും.

10. കുട്ടികളുടെ മാനസിക സംഘർഷങ്ങളും പിരിമുറുക്കവും കുറയ്ക്കുന്നതിനായി കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കും.

11.സംഗീതം, ചിത്രം, തുടങ്ങിയ കലകളിലും സർഗ്ഗാത്മക രചനയിലുമുള്ള വാസനകണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും ഇത്തരം കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരങ്ങൾ ഒരുക്കും.

12. വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തും.

13.ജീവിതശൈലി രോഗങ്ങൾ വരാതിരിക്കുവാൻ സ്കൂൾ പ്രായത്തിൽ വ്യായാമത്തിനും കളികൾക്കും പ്രത്യേക പരിഗണന നൽകും.

14. ലഹരി വിരുദ്ധ പ്രവർത്തനം, മാലിന്യ സംസ്കരണം, പരിസ്ഥിതി പ്രവർത്തനം, സാമൂഹിക സേവന പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ, സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയിൽ സ്കൂൾപാർലമെന്റിന്റെ സജീവ പങ്കാളിത്തം ഉറപ്പിക്കും.

15. കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി ശാസ്ത്രീയമായ കൃഷിരീതികൾ കുട്ടികളെ പരിചയപ്പെടുത്തും.

16.വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ ജൈവകൃഷി പരിപോഷിപ്പിക്കും.

17. ടാലന്റ് ലാബ്



Scanned with OKEN Scanner

# പൊതുലക്ഷ്യങ്ങൾ

(7)

1. മത നിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യ മായ വിദ്യാഭ്യാസം സമസ്ത മേഖലകളിലും ഉറപ്പുവരുത്തുക
2. അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക
3. എൽ. കെ. ജി. മുതൽ ഏഴാം ക്ലാസുവരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്കനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.
4. അദ്ധ്യാപനവും അദ്ധ്യായനവും സർഗ്ഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ
5. സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിയ്ക്കും മലയാളം , ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷക ളിൽ അനായാസം ആശയ വിനിമയം നടത്താനുള്ള കഴിവ് ഉറപ്പാക്കുക
6. തുല്യതക്കും ഗുണതയ്ക്കും ഊന്നൽ നൽക്കും
7. സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിയും അവന്റെ കഴിവിനും അഭിരുചിയ്ക്കും അനു സരിച്ച് ഒരു തൊഴിലെങ്കിലും സ്വായത്തമാക്കുക
8. കലാകായിക രംഗങ്ങളിൽ ഓരോ കുട്ടിയും അഭിരുചിയ്ക്കനുസരിച്ച് ദേശീയ അന്തർദേശീയ തലങ്ങളിൽ മികവ് തെളിയിക്കുന്നതിനുള്ള അവസരമൊരുക്കും
9. "ക്യാമ്പസ് ഒരു പാഠപുസ്തകം" എന്ന രീതിയിൽ സ്കൂൾ ക്യാമ്പസിനെ മാറ്റിയെടുക്കും
10. കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കും
11. പാഠ്യേതര വിഷയങ്ങളിൽ വൈവിധ്യവും ആർജ്ജവവും കൈവരിക്കും
12. പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കും
13. വിദ്യാലയത്തിൽ ജനാധിപത്യവൽക്കരണം അർത്ഥപൂർണ്ണമാക്കും
14. സ്കൂൾ വായനശാലകളും ലബോറട്ടറികളും ആധുനിക വൽക്കരിക്കും
15. കുട്ടികളിൽ ലഹരിവിരുദ്ധ മനോഭാവം വളർത്തും
16. ആധുനിക സാങ്കേതിക വിദ്യയുടെ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്താൻ കുട്ടികളെ പ്രാപ്ത രാക്കും

Scanned with OKEN Scanner

(10)

# അക്കാദമിക മാസ്റ്റർ പ്ലാൻ യു.പി. ഹ്രസ്വകാലം മലയാളം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1 | അക്ഷരത്തെറ്റില്ലാതെ മലയാള ഭാഷ കൈകാര്യം ചെയ്യുവാൻ പിന്നാക്കാവസ്ഥയിലുള്ള കുട്ടികളെ പ്രാപ്തരാക്കൽ | 1.പ്രീ ടെസ്റ്റ്<br>2.അക്ഷരമുറപ്പിക്കൽ<br>3. വാക്കുകൾ നിർമ്മാണം<br>4. വാക്യങ്ങൾ നിർമ്മിക്കൽ<br>5- അടികുറിപ്പുകൾ<br>6. കഥ പറയൽ<br>7. ചിഹ്നങ്ങൾ പൂരിപ്പിക്കൽ | 3 മാസം ജൂൺ മാസം മുതൽ | പുസ്തകങ്ങൾ ചാർട്ടുകൾ ബുക്കുകൾ വായനാ കാർഡുകൾ ചിത്രങ്ങൾ | പി ടി എ<br>എസ്.എം.സി<br>ബി ആർ . സി | 1000 ൽ പരം പിടി എ യിൽ നിന്നും കണ്ടെത്തും. |
| 2. | മലയാള ഭാഷാവ്യവഹാരങ്ങൾ | 1. കവിതാ രചന<br>2.കഥാരചന<br>3. പ്രസംഗം<br>4. ലേഖനം<br>5. ഡയറിക്കുറിപ്പുകൾ<br>6 കവിതാലാപനം<br>7. ശില്പശാല, നാടൻ പാട്ട് | 6 മാസം | പുസ്തകങ്ങൾ ചാർട്ട് പേപ്പർ | പി.ടി .എ \|<br>എസ്.എം.സി<br>ബി ആർ സി<br>ക്ലബ്ബുകൾ<br>എസ്.ആർ.ജി | പി.ടി.എ. ഫണ്ടിൽ നിന്നും വേണ്ടതുക കണ്ടെത്തും. |
| 3. | സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക. | കവിതാലാപനം<br>കവിതാ രചന<br>കഥാരചന<br>ചിത്രരചന | ജൂലൈ മാസം മുതൽ | സി.ഡി.<br>പുസ്തകങ്ങൾ | പി ടി എ<br>ബി.ആർ.സി | പൂർവ്വ വിദ്യാർത്ഥികളിൽ നിന്നും സഹായം തേടും |
| 4. | വായന പരിപോഷണം | ലൈബ്രറി വായന കുറിപ്പ്. | ജൂൺ മുതൽ ജനുവരി വരെ | ബുക്കുകൾ | ക്ലാസ് ടീച്ചർ | 1250/- |

Scanned with OKEN Scanner

## <u>ലക്ഷ്യം</u>

അക്ഷരത്തെറ്റില്ലാതെ മലയാള ഭാഷ കൈകാര്യം ചെയ്യാൻ പിന്നാക്കാവസ്ഥയിലുള്ള കുട്ടികളെ പ്രാപ്തരാക്കൽ

### <u>പ്രവർത്തനങ്ങൾ</u>

1. പ്രീടെസ്റ്റ് നടത്തുന്നു. പിന്നാക്കക്കാരെ കണ്ടെത്തുന്നു.
2. അക്ഷരം ഉറപ്പിക്കൽ ചിത്രങ്ങളുടെ സഹായത്തോടെ മലയാളം അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
3. വാക്കുകൾ നിർമ്മിക്കുന്നു.

   ലളിതമായ വാക്കുകൾ ചിത്രങ്ങളുടെ സഹായത്തോടെ എഴുതുന്നു.
4. വാക്യങ്ങൾ നിർമ്മിക്കുന്നു.

   ചിത്രങ്ങൾ പ്രദർശിപ്പിച്ച് അതിലെ ആശയങ്ങൾ ചെറുവാക്യങ്ങളായി എഴുതുന്നു.
5. അടിക്കുറിപ്പ് തയ്യാറാക്കൽ

   ചിത്രങ്ങൾ നൽകി അടിക്കുറിപ്പ് എഴുതിപ്പിക്കുന്നു.
6. കഥപറയൽ

   ചിത്രചാർട്ട് പ്രദർശിപ്പിച്ച് കുട്ടികളെ കൊണ്ട് കഥപറയുന്നു.
7. ചിഹ്നങ്ങൾ പൂരിപ്പിക്കൽ

   വാക്യങ്ങളിൽ ചിഹ്നങ്ങൾ ഒഴിവാക്കി നൽകുന്നു. കുട്ടികൾ ചിഹ്നങ്ങൾ പൂരിപ്പിക്കുന്നു.

## <u>ലക്ഷ്യം</u>

മികച്ച വായനാശീലം മലയാള ഭാഷയിൽ വികസിപ്പിക്കുന്നു.

### <u>പ്രവർത്തനം</u>

1. സ്കൂൾ ലൈബ്രറി നവീകരിക്കൽ

   പൊതുജന പങ്കാളിത്തത്തോടുകൂടി ലൈബ്രറിയെ നവീകരിക്കൽ.
2. പത്രവായന

   സ്കൂൾ അസംബ്ലികളിൽ പത്രവായനയ്ക്ക് അവസരം നൽകൽ
3. വായനാമൂല

   എല്ലാ ക്ലാസുകളിലും വായനാ മൂല ക്രമീകരിക്കൽ
4. വായനാക്കൂട്ടം രൂപീകരിക്കൽ

   എല്ലാ ക്ലാസുകളിലും കുട്ടികളെ ഗ്രൂപ്പുകളാക്കി വായനാകൂട്ടം രൂപീകരിയ്ക്കലും മാസികകൾ നൽകി ചോദ്യോത്തര പയറ്റ് നടത്തലും.
5. പുസ്തകം പരിചയപ്പെടുത്തൽ

   സ്കൂൾ അസംബ്ലികളിൽ പുതിയ പുസ്തകങ്ങൾ പരിയചപ്പെടുത്തൽ
6. വായനാക്കുറിപ്പ് തയ്യാറാക്കൽ

   പുസ്തകങ്ങൾ നൽകി വായനാക്കുറിപ്പ് തയ്യാറാക്കുന്നു.
7. ദിനാചരണങ്ങൾ

   സാഹിത്യമായും ഭാഷയായും, ബന്ധപ്പെട്ട വിശേഷ ദിവസങ്ങൾ ആചരിക്കുന്നു.
8. അമ്മ ലൈബ്രറി

   അമ്മമാർക്കായി സ്കൂളിൽ ലൈബ്രറി ക്രമീകരിക്കുന്നു

Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ യു.പി. മധ്യകാലം മലയാളം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1. | ശരിയായ മൂല്യങ്ങളും, മനോഭാവങ്ങളും വളർത്തുന്നതിന് മലയാള ഭാഷയെ പ്രയോജനപ്പെടുത്തുക. | 1. സെമിനാർ<br>2. സംവാദം<br>3. ചർച്ച<br>4. പാനൽ ചർച്ച<br>5. പ്രസംഗം<br>6. സിനിമാ പ്രദർശനം<br>7. മാഗസിൻ | 2 വർഷം | പുസ്തകങ്ങൾ<br>സിനിമാപ്രദർശനം<br>സി.ഡി.<br>ചാർട്ട് പേപ്പർ | പി.ടി.എ.<br>എസ്.എം.സി. | പി.ടി.എ. ഫണ്ടിൽ നിന്നും കണ്ടെത്തും. |
| 2. | മലയാള പഠനത്തെ മതേതര ജനാധിപത്യബോധം രൂപീകരിക്കുന്നതിന് പ്രയോജനപ്പെടുത്തുക. | 1. ഡോക്യുമെന്ററി പ്രദർശനം<br>2. സ്ലൈഡ് പ്രദർശനം<br>3. ജനാധിപത്യവേദി രൂപീകരണം<br>4. അഭിമുഖം | 2 വർഷം | പുസ്തകങ്ങൾ | പി.ടി.എ.<br>പൊതുജനങ്ങൾ<br>ജനപ്രതിനിധികൾ | പി.ടി.എ. ഫണ്ടിൽ നിന്നും കണ്ടെത്തും. |
| 3. | ഉച്ചാരണ വൈകല്യങ്ങൾ പരിഹരിച്ച് ഭാഷാ ഉപയോഗശേഷി വളർത്തുന്നതിന് എല്ലാ കുട്ടികളും ഒഴുക്കോടെയും വ്യക്തതയോടെയും മലയാളം വായിക്കുന്നു എന്ന് ഉറപ്പാക്കുവാൻ | 1. പ്രസംഗം<br>2. ചർച്ച<br>3. വായനാ മത്സരം<br>4. കഥാപറച്ചിൽ<br>5. വായനോത്സവം | 1 വർഷം<br>ഫെബ്രുവരി അവസാന വാരം | പുസ്തകങ്ങൾ<br>ചാർട്ട് പേപ്പർ<br>മാഗസിൻ | എസ്.എം.സി.<br>ബി.ആർ.സി. | പി.ടി.എ. ഫണ്ടിൽ നിന്നും വേണ്ട തുക കണ്ടെത്തും. |

## ലക്ഷ്യം

ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് മലയാള ഭാഷയെ പ്രയോജനപ്പെടുത്തുക.

### *പ്രവർത്തനങ്ങൾ*

**1. സെമിനാർ**

ക്ലാസ് തല സെമിനാറുകൾ സംഘടിപ്പിക്കുന്നു.

**2. സംവാദം**

ഇന്നത്തെ സമൂഹം നേരിടുന്ന പ്രശ്നങ്ങളെ സംവാദ വിഷയങ്ങളായി പരിഗണിച്ച് കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് സംവാദങ്ങൾ സംഘടിപ്പിക്കുന്നു.

**3. ചർച്ചകൾ**

കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് ചർച്ചകളിൽ ഏർപ്പെടുത്തുന്നതിനുള്ള വിഷയങ്ങൾ നൽകുന്നു.

**4. പാനൽ ചർച്ച**

ആനുകാലിക സംഭവങ്ങളെ ഉൾപ്പെടുത്തി സ്കൂളിൽ പാനൽ ചർച്ചകൾ സംഘടിപ്പിക്കുന്നു.

**5. പ്രസംഗം**

ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിനാവശ്യമായ വിഷയങ്ങൾ നൽകി പ്രസംഗ മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

**6. സിനിമാ പ്രദർശനം**

കലാമൂല്യമുള്ള സിനിമകൾ പ്രദർശിപ്പിക്കുന്നു.

**7. മാഗസിൻ**

മാഗസിനുകൾ നൽകി അതിന്റെ കുറിപ്പുകൾ തയ്യാറാക്കുവാൻ ആവശ്യപ്പെടുന്നു

Scanned with OKEN Scanner

## ലക്ഷ്യം 2

മലയാള ഭാഷാ പഠനത്തെ മതേതര ജനാധിപത്യബോധം രൂപീകരിക്കുന്നതിന് പ്രയോജനപ്പെടുത്തുക.

### പ്രവർത്തനങ്ങൾ

**1. ഡോക്യുമെന്ററി പ്രദർശനം**

കുട്ടികളിൽ മതേതര ജനാധിപത്യ ബോധം രൂപീകരിക്കുന്നതിന് പ്രയോജനപ്പെടുന്ന ഡോക്യുമെന്ററികൾ പ്രദർശിപ്പിക്കുന്നു.

**2. സ്ലൈഡ് പ്രദർശനം**

കേരളത്തിലെ പ്രധാനപ്പെട്ട സ്മാരകങ്ങളുടെ ചിത്രങ്ങളും, ജനാധിപത്യ ബോധം രൂപീകരിക്കുന്നതിനുതകുന്ന തരത്തിലുള്ള ചിത്രങ്ങളും സ്ലൈഡിന്റെ സഹായത്തോടെ പ്രദർശിപ്പിക്കുന്നു.

**3. ജനാധിപത്യ വേദി രൂപീകരണം**

പുനലൂർ മേഖലയിലെ പ്രധാന പ്രാസംഗികരേയും കുട്ടികളേയും ഉൾപ്പെടുത്തി ഒരു ജനാധിപത്യ വേദി രൂപീകരിക്കുന്നു.

**4. അഭിമുഖം**

മലയാള സാഹിത്യത്തിലെ പ്രധാന എഴുത്തുകാരെ അഭിമുഖം ചെയ്യാനുള്ള അവസരമൊരുക്കുന്നു.

## ലക്ഷ്യം 3

ഉച്ചാരണ വൈകല്യങ്ങൾ പരിഹരിച്ച് ഭാഷാ ഉപയോഗശേഷി വളർത്തുന്നതിന്.

### പ്രവർത്തനങ്ങൾ

**1. പ്രസംഗം**

പ്രസംഗ മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

**2. ചർച്ച**

കുട്ടികളിൽ ഭാഷാ ഉപയോഗശേഷി വളർത്തുന്നതിന് അനുയോജ്യമായ വിഷയങ്ങൾ നൽകി ചർച്ചകൾ സംഘടിപ്പിക്കുന്നു.

**3. വായനാമത്സരം**

വായനാ മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

**4. കഥപറയൽ**

ചിത്രങ്ങളടങ്ങിയ ചാർട്ടുകൾ നൽകി കഥപറയാൻ കുട്ടികൾക്ക് അവസരം നൽകുന്നു.

**5. വായനോത്സവം**

വർഷത്തിൽ ഒരിക്കൽ എല്ലാകുട്ടികളേയും ഉൾപ്പെടുത്തി വായനോത്സവം സംഘടിപ്പിക്കുന്നു. എല്ലാ കുട്ടികളും ഒഴുക്കോടെയും വ്യക്തതയോടെയും വായിക്കുന്നു എന്നുറപ്പിക്കുവാൻ വേണ്ടി.

## ലക്ഷ്യം

മലയാള ഭാഷാ വ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനും ആവിഷ്ക്കരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കുക.

### പ്രവർത്തനങ്ങൾ

**1. കവിതാരചന**

കുട്ടികളുടെ ഭാഷാത്മകമായ കഴിവുകൾ വികസിപ്പിക്കുന്നതിന് കവിതാരചനാമത്സരങ്ങൾ സംഘടിപ്പിക്കുന്നു.

**2. കഥാരചന**

കുട്ടികളുടെ സർഗ്ഗാത്മക രചനയിലുള്ള കഴിവുകൾ വികസിപ്പിക്കുന്നതിന് കഥാരചന മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

**3. പ്രസംഗം**

മുൻകൂട്ടി വിഷയം നൽകി പ്രസംഗ പരിശീലനം, പ്രസംഗ മത്സരം എന്നിവ.

**4. ലേഖനം**

വിഷയങ്ങൾ നൽകി ലേഖന മത്സരം നടത്തുന്നു.

**5. കവിതാലാപനം**

ഈണത്തിൽ കവിതകൾ ചൊല്ലുന്നതിനുള്ള പരിശീലനം

## ലക്ഷ്യം

ക്ലാസിക്കൽ കലകൾ, ആസ്വദിക്കുവാനുള്ള ശേഷികൾ വികസിപ്പിക്കൽ

**1. വീഡിയോ പ്രദർശനം**

ഇന്ത്യയിൽ നിലവിലുള്ള ക്ലാസിക്കൽ കലകളുടെ വീഡിയോ പ്രദർശിപ്പിക്കുന്നു.

**2. ഡോക്യുമെന്ററി പ്രദർശനം**

Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

## യു. പി.

## ഗണിതം

Scanned with OKEN Scanner

# മേഖല- ഗണിതശാസ്ത്രം

## ലക്ഷ്യം

1. ഗണിതശാസ്ത്രത്തിൽ സാവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.
2. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഗണിത പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
3. ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കുവാൻ പിന്തുണ നൽകുക.
4. ഗണിത ചിന്ത, യുക്തിചിന്ത, വിശകലനശേഷി ഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
5. പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതശാസ്ത്രത്തെ പ്രയോജനപ്പെടുത്തുക.
6. ഗണിത പഠനത്തെ സാമൂഹ്യ വളർച്ചയ്ക്ക് പ്രയോജനപ്പെടുത്തുവാനുള്ള മനോഭാവം വളർത്തുക.
7. ഗണിത പഠനശേഷി വികസിപ്പിക്കുക.
8. ഗണിതപഠനത്തെ മതേതര ജനാധിപത്യ ബോധം വികസിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്തുക.
9. ഗണിത പഠനത്തെ സാമൂഹ്യ ഇടപെടൽ ശേഷി വികസനത്തിന് പ്രയോജനപ്പെടുത്തുവാനുള്ള കഴിവും മനോഭാവവും നേടുക.
10. ഗണിതശാസ്ത്ര പഠനത്തെ പെൺകുട്ടികളുടെ പദവി ഉയർത്തുന്നതിന് അനുയോജ്യമാക്കുക.
11. സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് ഗണിതശാസ്ത്രത്തെ പ്രയോജനപ്പെടുത്തുവാനുള്ള കഴിവുംമനോഭാവവും നേടുക.
12. ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ഗണിതശാസ്ത്ര പഠനത്തെ പ്രയോജനപ്പെടുത്തുക.

## അക്കാദമിക മാസ്റ്റർപ്ലാൻ ഗണിതം ഹ്രസ്വകാലം യു. പി.

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1. | ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവ-ങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കുവാൻ പിന്തുണ നൽകുക. | 1. പട്ടിക ഉറപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ<br>2. ഗണിത കളികൾ<br>3. ഗണിത മാഗസിൻ | ആഴ്ചയിൽ ഒരു വീതം<br>മാസത്തിൽ ഒന്ന് | ചാർട്ട് പേപ്പർ | പി.ടി.എ<br>എസ്.എം.സി<br>ബി.ആർ.സി<br>എസ്.ആർ.ജി | 500 രൂ പരം പി.ടി.എ ഫണ്ടിൽ നിന്നും കണ്ടെത്തും |
| 2. | ഗണിത പഠനശേഷി വികസിപ്പിക്കുക. | ഗണിത ക്വിസ്<br>ഗണിത കളികൾ | എല്ലാ ദിവസവും | ചാർട്ട് ബുക്ക് | പി.ടി.എ<br>എസ്.എം.സി<br>ബി.ആർ.സി<br>എസ്.ആർ.ജി | 500 രൂ പരം പി.ടി.എ ഫണ്ടിൽ നിന്നും കണ്ടെത്തും |
| 3. | വിസ്തീർണ്ണം | ഭൂസർവ്വേ | ആഗസ്റ്റ്-സെപ്റ്റംബർ | A4 പേപ്പർ | ടീച്ചർ | 1000 രൂപ |

## ലക്ഷ്യം

1. ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവ-ങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കുവാൻ പിന്തുണ നൽകുക.
2. ഗണിത പഠനശേഷി വികസിപ്പിക്കുക.

## പ്രവർത്തനങ്ങൾ

1. പട്ടിക ഉറപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ- എല്ലാ ദിവസവും ഉച്ചക്ക് കുട്ടികൾ പട്ടിക ആവർത്തിച്ച് പഠിക്കുന്നു.
2. ഗണിത കളികൾ-ഗണിത രൂപങ്ങൾ ഉണ്ടാക്കുന്നു
3. ഗണിത മാഗസിൻ
4. ഗണിത ക്വിസ്-മാസത്തിൽ ഒരു തവണ ഗണിത ക്വിസ് നടത്തുന്നു.

ചുമതല

1. ഗണിത ക്ലബ് കൺവീനർ
2. ക്ലാസ് ടീച്ചർ
3. എസ് ആർ.ജി

ഗണിത പതിപ്പ്

കുട്ടികൾ തയ്യാറാക്കിയ പസ്സിലുകൾ, ഗണിതശാസ്ത്രജ്ഞരുടെ സംഭാവനകൾ, കണ്ടെത്തലുകൾ, ഗണിത ക്വിസുകൾ,ഗണിത ശാസ്ത്രജ്ഞരെ കുറിച്ചുള്ള കുറിപ്പുകൾ ഉൾപ്പെടുത്തി വർഷാവസാനം പതിപ്പ് പുറത്തിറക്കുന്നു.



Scanned with OKEN Scanner

ചുമതല

1. ഗണിതക്ലബ് കൺവീനർ
2. എച്ച്.എം.
3. പി.ടി.എ.
4. ക്ലാസ് ടീച്ചർ
5. എസ്.ആർ.ജി.

## അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിതം മധ്യകാലം യു.പി.

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1. | 1.പ്രായോഗിക പ്രശ്നങ്ങളെ പരിഹരിക്കുന്നതിന് ഗണിതശാസ്ത്രത്തെ പ്രയോജനപ്പെടുത്തുക. | 1. ഗണിത പസ്സിൽ<br>2. ഗണിത ദിനം ആചരിക്കൽ<br>3.ഗണിതശില്പശാലകൾ | മാസത്തിൽ ഒന്ന്<br>വർഷത്തിൽ ഒന്ന് | പുസ്തകം<br>ചാർട്ട് പേപ്പർ | പി.ടി.എ.<br>എസ്.എം.സി.<br>ബി.ആർ.സി.<br>എസ്.ആർ.ജി. | |
| 2. | കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഗണിത പഠനനേട്ടങ്ങളും എല്ലാകുട്ടികളും ആർജ്ജിക്കുക | ഗണിത പതിപ്പ് | വർഷത്തിലൊന്ന് | പുസ്തകതം<br>ചാർട്ട് പേപ്പർ | പി.ടി.എ.<br>എസ്.എം.സി.<br>ബി.ആർ.സി.<br>എസ്.ആർ.ജി. | |
| 3. | ഗണിതപഠനത്തെ സാമൂഹ്യ ഇടപെടൽ ശേഷിവികസനത്തിന് പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക. | ഗണിത പതിപ്പ് | വർഷത്തിലൊന്ന് | പുസ്തകം<br>ചാർട്ട് പേപ്പർ | പി.ടി.എ.<br>എസ്.എം.സി.<br>ബി.ആർ.സി.<br>എസ്.ആർ.ജി. | |

## ലക്ഷ്യം

1. പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിത ശാസ്ത്രത്തെ പ്രയോജനപ്പെടുത്തുക.
2. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഗണിത പഠനനേട്ടങ്ങളും എല്ലാകുട്ടികളും ആർജ്ജിക്കുക.
3. ഗണിത പഠനത്തെ സാമൂഹ്യ ഇടപെടൽ ശേഷി വികസനത്തിന് പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക.

## പ്രവർത്തനം

**1. ഗണിത പസ്സിൽ**

മാസത്തിൽ ഒരിക്കൽ ഗണിത പസ്സിൽ അവതരിപ്പിക്കുകയും കുട്ടികൾ അതിന്റെ പരിഹാരം കണ്ടു പിടിക്കുകയും ചെയ്യുന്നു.

**2. ഗണിത ദിനം ആചരിക്കൽ**

ഗണിത ശാസ്ത്രജ്ഞരുടേയും അവരുടെ കണ്ടെത്തലുകളുടേയും നേട്ടങ്ങളുടേയും വിവരങ്ങൾ ചർച്ച ചെയ്യുകയും അവരെ കുറിച്ചുള്ള വിവരങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്നു.

**3. ഗണിത ശില്പശാല**

ജ്യാമിതീയ രൂപങ്ങളും അവ ഉപയോഗിച്ചുള്ള വിവിധ മാതൃകകളുടേയും നിർമ്മാണം മറ്റ് ഗണിത ഉപകരണങ്ങളുടെ നിർമ്മാണ പ്രദർശനവും

## അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിതം ദീർഘകാലം യു.പി.

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1. | സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് ഗണിത ശാസ്ത്രത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക. | ഗണിത ലാബ് സജ്ജീകരണം<br>ഗണിത മാഗസീൻ, ഗണിത പതിപ്പ്, ഗണിത നാടകം | 3 വർഷം | പുസ്തകങ്ങൾ<br>സി.ഡി.<br>ചാർട്ട് | പി.ടി.എ.<br>ബി.ആർ.സി.<br>എസ്.ആർ.ജി. | പി.ടി.എ. യിൽ നിന്നും കണ്ടെത്തുന്നു. |
| 2. | ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ഗണിതശാസ്ത്ര പഠനത്തെ പ്രയോജനപ്പെടുത്തുക. | ഗണിത കളികൾ, മണിചട്ടം നിർമ്മിക്കുക, ഗണിതദിനം ആചരിക്കൽ,സ്ലൈഡ് നിർമ്മാണം | 3 വർഷം | പുസ്തകങ്ങൾ<br>സ്ലൈഡ്<br>ചാർട്ട് | എസ്.എം.സി.<br>പി.ടി.എ., ബി.ആർ.സി., | വിവിധ ക്ലബുകളിൽ നിന്നും കണ്ടെത്തുന്നു. |

Scanned with OKEN Scanner

## ലക്ഷ്യം

1. സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് ഗണിത ശാസ്ത്രത്തെ പ്രയോജനപ്പെടുത്തുവാനുള്ള കഴിവും മനോഭാവവും നേടുക.
2. ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ഗണിത ശാസ്ത്ര പഠനത്തെ പ്രയോജനപ്പെടുത്തുക.

## പ്രവർത്തനങ്ങൾ

**1. ഗണിത ലാബ് സജ്ജീകരണം**

സ്കൂളിൽ ഗണിത ലാബ് സജ്ജീകരിക്കുന്നു.

**2. ഗണിത കളികൾ**

സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിനുതകുന്ന തരത്തിലുള്ള ഗണിത കളികൾ കണ്ടെത്തുന്നു.

**3. ഗണിത ദിനം ആചരിക്കൽ**

വർഷത്തിൽ ഒരു ദിവസം ഗണിത ദിനമായി ആചരിക്കുന്നു. ആ ദിവസത്തെ പ്രത്യേക അസംബ്ലിയിൽ ഗണിതശാസ്ത്രജ്ഞന്മാരെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു.

**4. സ്ലൈഡ് നിർമ്മാണം**

പ്രമുഖ ഗണിത ശാസ്ത്രജ്ഞന്മാർ, അവരുടെ കണ്ടെത്തലുകൾ, വിവിധ ജ്യാമിതീയ രൂപങ്ങൾ, ഗണിതകളികൾ, ഗണിത പസിലുകൾ, തുടങ്ങിയവയുടെ സ്ലൈഡുകൾ സ്കൂളിൽ പ്രദർശിപ്പിക്കുന്നു.

Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

## യു. പി.

## അടിസ്ഥാന ശാസ്ത്രം

Scanned with OKEN Scanner

# മേഖല – അടിസ്ഥാനശാസ്ത്രം

(14)

## ലക്ഷ്യങ്ങൾ

1 ശാസ്ത്രത്തിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.
2 കഴിക്കലും ലക്ഷ്യമെന്ന എല്ലാ ശാസ്ത്ര പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
3 ശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കുവാൻ പിന്തുണ നൽകുക.
4 ശാസ്ത്ര ചിന്ത, ശാസ്ത്രബോധം, ശാസ്ത്രനൈപുണി, അന്വേഷണ നിപുണത ഇവ എല്ലാകുട്ടികളിലും വികസിപ്പിക്കുക.
5.ശാസ്ത്ര പഠനത്തെ സാമൂഹിക മുന്നേറ്റത്തിന് പ്രയോജനപ്പെടുത്തുവാനുള്ള മനോഭാവം വളർത്തുക.
6.ശാസ്ത്ര പഠനത്തിൽഐ.സി.ടിയുടെ സാധ്യത പ്രയോജനപ്പെടുത്തുവാനുള്ള കഴിവ് നേടുക.
7. ശാസ്ത്ര പഠനശേഷി വികസിപ്പിക്കുക
8 ശാസ്ത്ര പഠനത്തെ മതേതര ജനാധിപത്യ ബോധം വികസിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്തുക.
9.പാരിസ്ഥിതിക അവബോധം വളർത്തുക.
10.ശാസ്ത്ര പഠനത്തെ സാമൂഹിക ഇടപെടൽ ശേഷി വികസനത്തിന് പ്രയോജനപ്പെടുത്തുവാനുള്ള കഴിവും മനോഭാവവും നേടുക.
11.ശാസ്ത്ര പഠനത്തെ പെൺകുട്ടികളുടെ പദവി ഉയർത്തുന്നതിന് അനുയോജ്യമാക്കുക.
12. സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് ഗണിതശാസ്ത്രത്തെ പ്രയോജനപ്പെടുത്തുവാനുള്ള കഴിവുംമനോഭാവവും നേടുക.
13, ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ശാസ്ത്ര പഠനത്തെ പ്രയോജനപ്പെടുത്തുക.

## അക്കാദമിക മാസ്റ്റർപ്ലാൻ അടിസ്ഥാനശാസ്ത്രം ഹ്രസ്വകാലം യു. പി.

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1 | ശാസ്ത്രത്തിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക. | 1.പരീക്ഷണങ്ങൾ ചെയ്യിക്കുക<br>2.സയൻസ് മാഗസിൻ<br>3.ശാസ്ത്രജ്ഞരെയുംഅവരുടെ സംഭാവനകളെയും പരിചയപ്പെടുത്തുക | ജൂൺ മുതൽ എല്ലാമാസവും രണ്ടുപരീക്ഷണങ്ങൾ വീതം<br>ആഴ്ചയിലൊരിക്കൽ | സയൻസ് ലാബ്<br>സി.ഡി. | പി.ടി.എ<br>എസ്.എം.സി<br>ബി.ആർ.സി<br>എസ്.ആർ.ജി | 3000 രൂപ പി.ടി.എ ഫണ്ടിൽ നിന്നും കണ്ടെത്തുന്നു. |
| 2. | ശാസ്ത്ര പഠനത്തിൽ ഐ.ടിയുടെ സാധ്യത പ്രയോജനപ്പെടുത്തുക | ഡോക്യുമെന്ററി പ്രദർശനം<br>സ്ലൈഡ് പ്രദർശനം | ആഗസ്റ്റ് മാസത്തിൽ | സി.ഡി.<br>ലാപ് ടോപ്പ് | പി.ടി.എ<br>ബി.ആർ.സി<br>എസ്.ആർ.ജി | 2000 രൂപ പൂർവ്വ വിദ്യാർത്ഥികളിൽ നിന്നും കണ്ടെത്തുന്നു. |
| 3. | ശാസ്ത്ര ചിന്ത, ശാസ്ത്രബോധം, ശാസ്ത്രനൈപുണി, അന്വേഷണ നിപുണത ഇവ എല്ലാകുട്ടികളിലും വികസിപ്പിക്കുക. | സയൻസ് ക്വിസ് , പാനൽ ചർച്ച.<br>പഠനയാത്രകൾസംഘടിപ്പിക്കുന്നു.<br>വിദഗ്ധ ക്ലാസുകൾ സംഘടിപ്പിക്കുന്നു | മാസത്തിലൊരിക്കൽ ഓരോ ടേമിലും സെപ്റ്റംബർ മാസത്തിൽ മൂന്ന് മാസത്തിലൊരിക്കൽ | പേപ്പർ | പി.ടി.എ<br>എസ്.എം.സി<br>ബി.ആർ.സി<br>എസ്.ആർ.ജി | 4000 രൂപ |
| 4. | നമ്മുടെ ചുറ്റുപാടുകളെ കുറിച്ചും അവയുടെ ജൈവിക പ്രത്യേകതകളെ കുറിച്ചും കുട്ടികളിൽ അവബോധം ഉണ്ടാക്കുകയും അവ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത അവരെ ബോധ്യപ്പെടുത്തുകയും ചെയ്യുക | ജൈവ വൈവിധ്യ ഉദ്യാന നിരീക്ഷണം<br>പതിപ്പ് തയ്യാറാക്കൽ<br>ശലഭ പാർക്ക് നിർമ്മാണം | വർഷം മുഴുവൻ | പേപ്പർ<br>ചെടികൾ | പി.ടി.എ | 1000 രൂപ |

### ലക്ഷ്യം

1.ശാസ്ത്രത്തിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.

### പ്രവർത്തനങ്ങൾ

1.പരീക്ഷണങ്ങൾ-ജൂൺ മുതൽ എല്ലാമാസവും രണ്ടുപരീക്ഷണങ്ങൾ വീതം കുട്ടികളെ കൊണ്ട് ചെയ്യിപ്പിക്കുന്നു
2.ശാസ്ത്രജ്ഞരെയുംഅവരുടെ സംഭാവനകളെയും പരിചയപ്പെടുത്തുക-ആഴ്ചയിലൊരിക്കൽ ശാസ്ത്രജ്ഞരെയും അവരുടെ സംഭാവനകളെയും കുറിച്ച് കുറിപ്പ് തയ്യാറാക്കി കുട്ടികൾ അവതരിപ്പിക്കുന്നു.
3.സയൻസ് മാഗസിൻ-വർഷാവസാനം കുട്ടികൾ തയ്യാറാക്കിയ ലേഖനങ്ങളും പോസ്റ്ററുകളും പരീക്ഷണക്കുറിപ്പുകളും പതിപ്പാക്കി മാറ്റുന്നു.



Scanned with OKEN Scanner

## ലക്ഷ്യം

1. ശാസ്ത്ര പഠനത്തിൽ ഐ.റ്റിയുടെ സാധ്യത പ്രയോജനപ്പെടുത്തുക.

**1. ഡോക്യുമെന്ററി പ്രദർശനം**

ആഗസ്റ്റ് മാസത്തിൽ ശാസ്ത്ര നേട്ടങ്ങളെ കുറിച്ചുള്ള ഡോക്യുമെന്ററിപ്രദർശനം നടത്തുന്നു.

**ചുമതല**

1. സയൻസ് ക്ലബ് കൺവീനർ
2. ക്ലാസ്സ് ടീച്ചർ
3. എച്ച്.എം.
4. എസ്.ആർ.ജി.

## അക്കാദമിക മാസ്റ്റർ പ്ലാൻ അടിസ്ഥാന ശാസ്ത്രം മധ്യകാലം യു.പി.

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1. | ശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതികളുള്ള കുട്ടികളെ അതു മറികടക്കുവാൻ പിന്തുണനൽകുക. | 1. സ്ലൈഡ് പ്രദർശനം<br>2. പതിപ്പ് തയ്യാറാക്കൽ<br>3.സയൻസ് നാടകം<br>4. ചർച്ച<br>5. പുസ്തകം പരിചയപ്പെടുത്തൽ | 2 വർഷം | സ്ലൈഡ് പുസ്തകങ്ങൾ ചാർട്ട് പേപ്പർ | പി.ടി.എ. എസ്.എം.സി. ബി.ആർ.സി. | പി.ടി.എ. ഫണ്ടിൽ നിന്നും കണ്ടെത്തുന്നു |
| 2. | സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് ശാസ്ത്രത്തെ പ്രയോജനപ്പെടുത്തുവാനുള്ള കഴിവും മനോഭാവവും നേടുക. | 1. പാനൽ ചർച്ച<br>2. ശാസ്ത്രനാടകം<br>3. പരീക്ഷണങ്ങൾ<br>4. ജൈവ പച്ചക്കറി ത്തോട്ടം സജ്ജീകരിക്കൽ<br>5. ഫാക്ടറി സന്ദർശനം<br>6. ശാസ്ത്ര ക്വിസ് | 2 വർഷം | പുസ്തകങ്ങൾ സി.ഡി. ലാബ് | പി.ടി.എ. എസ്.എം.സി. ബി.ആർ.സി. എസ്.ആർ.ജി. | വിവിധ ക്ലബുകളിൽ നിന്നും കണ്ടെത്തുന്നു. |
| 3. | കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ശാസ്ത്രനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക | പ്രീടെസ്റ്റ്<br>ശാസ്ത്ര കുറിപ്പുകൾ തയ്യാറാക്കൽ<br>എന്റെ ശാസ്ത്ര പുസ്തകം<br>ഔഷധ തോട്ട നിർമ്മാണം | 3 വർഷം | പുസ്തകങ്ങൾ നോട്ട് ബുക്ക് ചാർട്ട് | പി.ടി.എ. ബി.ആർ.സി. | പി.ടി.എ. ഫണ്ടിൽ നിന്നും കണ്ടെത്തും. |

## ലക്ഷ്യം

ശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവത്തിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കുവാൻ പിന്തുണ നൽകുക.

### പ്രവർത്തനം

**1. സ്ലൈഡ് പ്രദർശനം**

ശാസ്ത്ര നേട്ടങ്ങളടങ്ങിയ സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

**2. പതിപ്പ് തയ്യാറാക്കൽ**

കുട്ടികൾ തയ്യാറാക്കിയ പരീക്ഷണകുറിപ്പുകൾ, ലേഖനങ്ങൾ, ദിനാചരണവുമായി ബന്ധപ്പെട്ട് കുട്ടികൾ തയ്യാറാക്കിയ പോസ്റ്റർ പ്രധാന കണ്ടുപിടിത്തങ്ങൾ, ശാസ്ത്ര നേട്ടങ്ങൾ എന്നിവ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കുന്നു.

**3. സയൻസ് നാടകം**

പാരിസ്ഥിതിക പ്രശ്നം ഉൾക്കൊള്ളിച്ചുകൊണ്ട് കുട്ടികൾ തയ്യാറാക്കിയ നാടകം അവതരിപ്പിക്കുവാൻ വേദിയൊരുക്കുന്നു.

**4. പുസ്തകം പരിചയപ്പെടുത്തൽ**

ശാസ്ത്രജ്ഞന്മാരുടേയും ശാസ്ത്രനേട്ടങ്ങൾ പ്രതിപാദിക്കുന്ന പുസ്തകങ്ങൾ വായിക്കാനും കുറിപ്പ് തയ്യാറാക്കുവാനും അവസരം ഒരുക്കുന്നു.

## ലക്ഷ്യം

സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് ശാസ്ത്രത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക.

കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ശാസ്ത്ര നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക

### പ്രവർത്തനം

**1. പ്രീടെസ്റ്റ്**

കുട്ടികൾ നേടിയ അറിവുകൾ പരിശോധിക്കുന്നതിന് ഒബ്ജക്ടീവ് ടൈപ്പിൽ പ്രീ ടെസ്റ്റ് നടത്തുക.

Scanned with OKEN Scanner

**2. പരീക്ഷണങ്ങൾ**

പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണ പ്രവർത്തനങ്ങൾ മാസത്തിൽ 2 തവണ നടത്തുന്നു. അതിനോടനുബന്ധിച്ചുള്ള പരീക്ഷണ കുറിപ്പുകൾ തയ്യാറാക്കുക.

**3. ശാസ്ത്ര ക്വിസ്**

ക്വിസ് മത്സരം നിർമ്മാണം

**4. ഔഷധത്തോട്ട നിർമ്മാണം**

ജൈവ പച്ചക്കറി കൃഷി ചെയ്യുകയും ഔഷധ സസ്യങ്ങൾ വച്ചു പിടിപ്പിക്കുകയും ചെയ്യുക.

**5. ഫാക്ടറികൾ സന്ദർശിക്കുന്നു.**

ചുമതല

1 സയൻസ് ക്ലബ് കൺവീനർ
2 എച്ച്.എം.
3 പി.ടി.എ.
4 എസ് ആർ ജി
5 ക്ലാസ് ടീച്ചർ

## അക്കാദമിക മാസ്റ്റർ പ്ലാൻ അടിസ്ഥാന ശാസ്ത്രം ദീർഘകാലം യു.പി.

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1 | ശാസ്ത്ര പഠനത്തെ സാമൂഹിക മുന്നേറ്റത്തിന് പ്രയോജനപ്പെടുത്തുവാനുള്ള മനോഭാവം വളർത്തുക. | മെഡിക്കൽ ക്യാമ്പ് പഠനയാത്ര | വർഷത്തിൽ ഒന്ന് ഓരോ ടേമിലും ഒന്ന് | | പി.ടി.എ. ബി.ആർ.സി. എസ്.ആർ.ജി. | പി.ടി.എ. ഫണ്ടിൽ നിന്നും കണ്ടെത്തുന്നു |
| 2 | ശാസ്ത്ര പഠനത്തെ മതേതര ജനാധിപത്യബോധം വികസിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്തുക. | മെഡിക്കൽ ക്യാമ്പ് പഠനയാത്ര | 3 വർഷം | പുസ്തകങ്ങൾ സ്ലൈഡ് ചാർട്ട് | എസ്.എം.സി. പി.ടി.എ., ബി.ആർ.സി., | വിവിധ ക്ലബുകളിൽ നിന്നും കണ്ടെത്തുന്നു. |
| 3 | പാരിസ്ഥിതിക അവബോധം വളർത്തുക. | ജൈവവൈവിധ്യോദ്യാനം ഔഷധ പച്ചക്കറി തോട്ട നിർമ്മാണം | 3 വർഷം | പുസ്തകങ്ങൾ സ്ലൈഡ് ചാർട്ട് | എസ്.എം.സി. പി.ടി.എ., ബി.ആർ.സി., | വിവിധ ക്ലബുകളിൽ നിന്നും കണ്ടെത്തുന്നു. |
| 4 | ശാസ്ത്ര പഠനത്തിൽ സാമൂഹിക ഇടപെടൽ ശേഷി വികസനത്തിനുള്ള ശേഷി വികസിപ്പിക്കുന്നതിനുള്ള കഴിവും മനോഭാവവും നേടുക. | പൂന്തോട്ട നിർമ്മാണം പ്ലാസ്റ്റിക് നിർമ്മാർജ്ജനം | 3 വർഷം | പുസ്തകങ്ങൾ സ്ലൈഡ് ചാർട്ട് | എസ്.എം.സി. പി.ടി.എ., ബി.ആർ.സി., | വിവിധ ക്ലബുകളിൽ നിന്നും കണ്ടെത്തുന്നു. |

## ലക്ഷ്യം

1 ശാസ്ത്ര പഠനത്തെ സാമൂഹിക മുന്നേറ്റത്തിന് പ്രയോജനപ്പെടുത്തുവാനുള്ള മനോഭാവം വളർത്തുക.
2 ശാസ്ത്ര പഠനത്തെ മതേതര ജനാധിപത്യബോധം വികസിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്തുക.
3 പാരിസ്ഥിതിക അവബോധം വളർത്തുക.
4 ശാസ്ത്ര പഠനത്തിൽ സാമൂഹിക ഇടപെടൽ ശേഷി വികസിപ്പിക്കുന്നതിനുള്ള കഴിവും മനോഭാവവും നേടുക.

## പ്രവർത്തനങ്ങൾ

**1. മെഡിക്കൽ ക്യാമ്പ്**

വർഷത്തിലൊരിക്കൽ ആരോഗ്യ വകുപ്പിന്റെ സഹായത്താൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നു.

**2. പഠനയാത്ര**

പാഠഭാഗവുമായി ബന്ധപ്പെട്ട പഠനയാത്രകൾ നടത്തുന്നു. ഇത് ഓരോ ടേമിലും അവസാനം നടത്തുന്നു.

**3. ജൈവ വൈവിധ്യോദ്യാനം**

സ്കൂളിൽ ജൈവ വൈവിധ്യോദ്യാനം നിർമ്മിക്കുന്നു

Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

# U. P.

# ഹിന്ദി

Scanned with OKEN Scanner

## മേഖല-ഹിന്ദി

### ലക്ഷ്യങ്ങൾ

1. ഹിന്ദി ഭാഷാപഠനത്തിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക
2. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ പഠനനേട്ടങ്ങളും കുട്ടികൾ ആർജിക്കുന്നു.
3. ഹിന്ദി ഭാഷാപഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക.
4. ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഹിന്ദി ഭാഷ സംസാരിക്കാനും കേട്ട് മനസിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
5. മികച്ച വായനാശീലം വികസിപ്പിക്കുക
6. ഹിന്ദിഭാഷാ വ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക
7. ഹിന്ദി ഭാഷാ പഠനശേഷി വികസിപ്പിക്കുക
9. ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ഹിന്ദിഭാഷയെ പ്രയോജനപ്പെടുത്തുക

### ഹിന്ദി ഹ്രസ്വകാലം up

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തിക പിന്തുണ |
|---|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളേയും ഹിന്ദിയിൽ എഴുതാനും സംസാരിക്കാനും പ്രാപ്തരാക്കുക | 1. പ്രിടെസ്റ്റ്<br>2. വാക്കുകൾ നിർമ്മാണം<br>3. അടിക്കുറിപ്പ്<br>4. ഹിന്ദി അസംബ്ലി | 6 മാസം<br>മാസത്തിലൊന്ന് | പുസ്തകങ്ങൾ<br>ചാർട്ട്<br>വായന കാർഡ്<br>ചിത്രങ്ങൾ<br>പുസ്തകങ്ങൾ | PTA<br>BRC<br>SMC<br>SRG | PTA ഫണ്ടിൽ നിന്നും കണ്ടെത്തുന്നു |
| 2 | മികച്ച വായനക്കാരാക്കുക | 1. പുസ്തകവായന<br>2. വായനാക്കുറിപ്പ്<br>3. ദിനാചരണങ്ങൾ<br>4. ഹിന്ദി ലൈബ്രറി തയ്യാർ ചെയ്യുക<br>5. ഹിന്ദി പതിപ്പ് തയ്യാറാക്കുക<br>6. ഹിന്ദി സമകാലീന പ്രസിദ്ധീകരണങ്ങൾ പ്രയോജനപ്പെടുത്തുക | | | | |

Scanned with OKEN Scanner

## ലക്ഷ്യം

1. എല്ലാ കുട്ടികളേയും ഹിന്ദിയിൽ എഴുതാനും സംസാരിക്കാനും പ്രാപ്തരാക്കുക
2. മികച്ച വായനക്കാരാക്കുക

## പ്രവർത്തനം

1. പ്രിടെസ്റ്റ് നടത്തുന്നു
   പിന്നോക്കക്കാരെ കണ്ടെത്തുന്നു.
2. വാക്കുകൾ നിർമ്മാണം
   ലളിതമായ വാക്കുകൾ ചിത്രങ്ങളുടെ സഹായത്തോടെ എഴുതുന്നു.
3. വാക്യങ്ങൾ നിർമ്മിക്കുന്നു
   ചിത്രങ്ങൾ പ്രദർശിപ്പിച്ച് അതിലെ ആശയങ്ങൾ ചെറുവാക്യങ്ങളായി എഴുതുന്നു.
4. വായനാക്കുറിപ്പ് തയ്യാറാക്കൽ
   പുസ്തങ്ങൾ നൽകി വായനാക്കുറിപ്പ് തയ്യാറാക്കുന്നു.
5. ദിനാചരണങ്ങൾ
   ഹിന്ദി സാഹിത്യത്തിലേയും ഭാഷയിലേയും പ്രധാനപ്പെട്ട ദിവസങ്ങൾ ആചരിക്കുന്നു
6. ഹിന്ദി അസംബ്ലി
   മാസത്തിലൊരു ദിവസം ഹിന്ദി അസംബ്ലി സംഘടിപ്പിക്കുന്നു.

## ചുമതല

1. HM
2. ഹിന്ദി അധ്യാപകൻ
3. SRG

# ഹിന്ദി മധ്യകാലം up

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തിക പിന്തുണ |
|---|---|---|---|---|---|---|
| 1 | ഹിന്ദിയിൽ ആശയ വിനിമയത്തിനുള്ള ശേഷി വികസിപ്പിക്കുക | 1. പ്രിടെസ്റ്റ്<br>2. വായനാക്കുറിപ്പ്<br>3. അടിക്കുറിപ്പ്<br>4. കഥപറയൽ | ജൂൺ മാസം<br>6 മാസം | പുസ്തകങ്ങൾ<br>ചാർട്ട്<br>CD | BRC<br>PTA<br>SMC<br>SRG | PTA ഫണ്ടിൽ നിന്നും കണ്ടെത്തുന്നു |
| 2 | ഹിന്ദിയിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക | 1. കവിതാസ്വാദനം<br>2. നാടകം | 6 മാസം | CD | BRC<br>PTA<br>SMC<br>SRG | PTA ഫണ്ടിൽ നിന്നും കണ്ടെത്തുന്നു |

Scanned with OKEN Scanner

ലക്ഷ്യം

1. ഹിന്ദിയിൽ ആശയവിനിമയത്തിനുള്ള ശേഷി വികസിപ്പിക്കുക.
2. ഹിന്ദിയിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക.

പ്രവർത്തനങ്ങൾ

1. പ്രീടെസ്റ്റ്

പ്രീടെസ്റ്റ് നടത്തി ഹിന്ദിയിൽ ആശയവിനിമയത്തിന് പ്രയാസം നേരിടുന്ന കുട്ടികളെ കണ്ടെത്തുന്നു
ഇത് ജൂൺ മാസം ആദ്യം നടത്തുന്നു.

2. അടിക്കുറിപ്പ്

ചിത്രങ്ങളടങ്ങിയ ചാർട്ട് നൽകി കുട്ടികളെക്കൊണ്ട് അതിനനുസൃതമായ അടിക്കുറിപ്പ് തയ്യാറാക്കാൻ നിർദ്ദേശിക്കുന്നു.

3. കഥപറയൽ

കഥയുടെ ബാക്കി പറയാൻ അവസരമൊരുക്കുന്നു.

4. കവിതാസ്വാദനം

ഹിന്ദിയിലുള്ള മികച്ച കവിതകൾ കുട്ടികളെ കേൾപ്പിക്കുന്നു.

5. നാടകം

ഹിന്ദിയിൽ നാടകം അവതരിപ്പിക്കാൻ അവസരമൊരുക്കുന്നു.

## ഹിന്ദി ദീർഘകാലം UP

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തിക പിന്തുണ |
|---|---|---|---|---|---|---|
| 1. | ഹിന്ദി ഭാഷാ പഠനത്തിൽ IT യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക | 1.ഡോക്യുമെന്ററി പ്രദർശനം<br>2.സിനിമ പ്രദർശനം<br>3.ഡിജിറ്റൽ ലൈബ്രറി രൂപീകരിക്കൽ | 3 വർഷം | RD പ്രൊജക്ടർ ലാപ്പ് ടോപ്പ് | പി.ടി.എ<br>എസ്.എം.സി<br>ബി.ആർ.സി<br>എസ്.ആർ.ജി | LSG ഫണ്ടിൽ നിന്നും കണ്ടെത്തുന്നു. |
| 2. | ശബ്ദകോശം(शब्दकोश) നിർമ്മിക്കുക | വാക്കുകൾ അവയുടെ മലയാളം, ഇംഗ്ലീഷ് അർത്ഥങ്ങൾ എഴുതി ശബ്ദകോശം നിർമ്മിക്കുക | 1 വർഷം | A4 പേപ്പർ | ടീച്ചർ | |



Scanned with OKEN Scanner

# അക്കാദമിക് മാസ്റ്റർപ്ലാൻ UP ഹ്രസ്വകാലം ഇംഗ്ലീഷ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തിക പിന്തുണ |
|---|---|---|---|---|---|---|
| 1 | ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനും കേട്ട് മനസിലാക്കാനും ഉള്ള കഴിവ് കുട്ടികളിലും വികസിപ്പിക്കുക | 1. ഇംഗ്ലീഷ് ഡേ<br>2. സ്റ്റോറി ടൈം<br>3. സ്പോക്കൺ ഇംഗ്ലീഷ്<br>4. കോൺവെർസേഷൻ<br>5. ഡ്രാമ | 1 വർഷം | ബുക്കുകൾ പത്രങ്ങൾ മാഗസിൻ മൈക്ക് | BRC<br>PTA<br>SMC<br>SRG | PTA ഫണ്ടിൽ നിന്നും കണ്ടെത്തുന്നു |
| 2. | ഇംഗ്ലീഷ് ഭാഷാ വ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക | 1. പഠനനില കണ്ടെത്തൽ (പ്രീടെസ്റ്റ്)<br>2. ഇംഗ്ലീഷിലുള്ള ഡയറി ക്കുറിപ്പ്<br>3. പതിപ്പുകൾ<br>4. രചനാ ശിൽപ്പശാല | ജൂൺ ആദ്യവാരം<br>ജൂൺ മാസം മുതൽ ഫെബ്രുവരി അവസാനം | പുസ്തകങ്ങൾ<br>ബുക്ക് പേപ്പർ ചാർട്ട് | BRC<br>PTA<br>SMC<br>SRG | PTA ഫണ്ടിൽ നിന്നും കണ്ടെത്തുന്നു |
| 3. | ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ഇംഗ്ലീഷ് ഭാഷയെ പ്രയോജനപ്പെടുത്തുക | 1. ഇംഗ്ലീഷ് പത്ര വായന<br>2. ഇംഗ്ലീഷ് സിനിമ പ്രദർശനം<br>3. സെമിനാർ<br>4. ചർച്ച | ജൂൺ മുതൽ 3 വർഷം | പത്രങ്ങൾ പ്രൊജക്ട് | BRC<br>PTA<br>SMC<br>SRG | സ്പോൺ ർഷിപ്പ് 3000 രൂപ |

## ലക്ഷ്യം

ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനുള്ള കഴിവ് കുട്ടികളിലും വികസിപ്പിക്കുക

## പ്രവർത്തനങ്ങൾ

1. ഇംഗ്ലീഷ് ഡേ

മാസത്തിൽ ഒരു ദിവസം ഇംഗ്ലീഷ് ഡേ ആയി ആചരിക്കുക. അന്നേദിവസം കുട്ടികളും, അധ്യാപകരും ഇംഗ്ലീഷിൽ മാത്രം ആശയവിനിമയം നടത്തുക.

2. സ്റ്റോറി ടൈം

കുട്ടികൾക്ക് കഥയുടെ ആദ്യഭാഗം നൽകുന്നു. അത് അടിസ്ഥാനമാക്കി കഥ 26 പൂർത്തിയാക്കാൻ ആവശ്യപ്പെടുന്നു.

3. സ്പോക്കൺ ഇംഗ്ലീഷ്

പൂർവ്വ വിദ്യാർത്ഥികളുടെയും, PTA യെയുടേയും സഹായത്തോടുകൂടി ഇംഗ്ലീഷിൽ പരിജ്ഞാനമുള്ള അധ്യാപകനെ സ്കൂളിലേയ്ക്ക് ക്ഷണിച്ച് എല്ലാ ശനിയാഴ്ചകളിലും സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് സംഘടിപ്പിക്കുന്നു.

4. കോൺവർസേഷൻ

കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് സംഭാഷണം എഴുതുന്നതിനുള്ള വിഷയങ്ങൾ നൽകുന്നു

5. ഇംഗ്ലീഷ് ഡ്രാമ

മാസത്തിൽ ഒരു ദിവസം കുട്ടികൾക്ക് ഡ്രാമ അവതരിപ്പിക്കുന്നതിനുള്ള വേദി ഒരുക്കുന്നു

## ലക്ഷ്യം

ഇംഗ്ലീഷ് ഭാഷാ വ്യവഹാരങ്ങൾ എഴുതാനുള്ള ശേഷി വികസിപ്പിക്കുക

Scanned with OKEN Scanner

### പ്രവർത്തനങ്ങൾ

1. പ്രീടെസ്റ്റ്
   പ്രീടെസ്റ്റ് നടത്തുന്നു. കുട്ടികളുടെ പഠനനിലവാരം വിലയിരുത്തുന്നു
2. ഡയറിക്കുറിപ്പ്
   കുട്ടികളുടെ ഓരോ ദിവസത്തെയും പ്രധാന സംഭവങ്ങൾ ഇംഗ്ലീഷിൽ രേഖപ്പെടുത്താൻ ആവശ്യപ്പെടുന്നു
3. പതിപ്പുകൾ
   കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് പതിപ്പുകൾ തയ്യാറാക്കാനാവശ്യമായ വിഷയങ്ങൾ നൽകുന്നു.
4. രചനാ ശിൽപ്പശാല
   ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള അധ്യാപകരുടെ മേൽനോട്ടത്തിൽ രചന ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നു. ഈ ശിൽപ്പശാലയിൽ കുട്ടികളുടെ കവിതകൾ, ലേഖനങ്ങൾ, കഥകൾ തുടങ്ങിയവ അവതരിപ്പിക്കുന്നതിനുള്ള അവസരം നൽകുന്നു.

### ലക്ഷ്യം

ശരിയായ മൂല്യങ്ങളും, മനോഭാവങ്ങളും വളർത്തുന്നതിന് ഇംഗ്ലീഷ് ഭാഷയെ പ്രയോജനപ്പെടുത്തുക

### പ്രവർത്തനങ്ങൾ

1. ഇംഗ്ലീഷ് പത്രവായന
   സ്കൂൾ അസംബ്ലിയിൽ കുട്ടികൾക്ക് ഇംഗ്ലീഷ് പത്രം വായിക്കുന്നതിനുള്ള അവസരം നൽകുന്നു. കൂടാതെ ഇംഗ്ലീഷ് പത്രവായന മത്സരങ്ങൾ സംഘടിപ്പിക്കുന്നു

## അക്കാദമിക മാസ്റ്റർ പ്ലാൻ UP മധ്യകാലം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തിക പിന്തുണ |
|---|---|---|---|---|---|---|
| 1 | ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുന്നു. | 1 രചനാ മത്സരങ്ങൾ പങ്കെടുപ്പിക്കുക<br>2. ലേഖനങ്ങൾ തയ്യാറാക്കുക<br>3. ഡ്രാമ | 1 വർഷം ആഗസ്റ്റ് ആദ്യ മാസം<br>ഒക്ടോബർ<br>നവംബർ | പേപ്പർ സ്കെച്ച് ചാർട്ടുകൾ മൈക്ക് CD ചിത്രങ്ങൾ | PTA SMC BRC | 1000 രൂപ പൂർവ്വ വിദ്യാർത്ഥികളിൽ നിന്നും കണ്ടെത്തുന്നു |
| 2. | ഉച്ചാരണവൈകല്യങ്ങൾ പരിഹരിച്ച് ഭാഷാ ഉപയോഗശേഷി വളർത്തുന്നതിന് | 1. ചർച്ച<br>2. പ്രസംഗം<br>3. വായനാ മത്സരം<br>4. കഥപറച്ചിൽ<br>5. കവിതാലാപനം | ഡിസംബർ<br>ജൂലൈ സെപ്തംബർ | ബുക്കുകൾ പേപ്പർ | PTA SMC BRC | |
| 3. | ഇംഗ്ലീഷ് ഭാഷാ പഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും, മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുന്നു | 1. പ്രീടെസ്റ്റ്<br>2. ഡയറിക്കുറിപ്പ്<br>3. സംഭാഷണം | ആഗസ്റ്റ് ജൂൺ മുതൽ | | | |

Scanned with OKEN Scanner

**ലക്ഷ്യം**

ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുന്നു

**പ്രവർത്തനങ്ങൾ**

1. രചനാ മത്സരങ്ങൾ സംഘടിപ്പിക്കുക

കഥ, കവിത, ലേഖനങ്ങൾ എന്നിവയ്ക്ക് പ്രത്യേക വിഷയങ്ങളും സന്ദർഭങ്ങളും നൽകുകയും അതിനെ ആസ്പദമാക്കി മാസത്തിലൊരിക്കൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നു

2. ഡ്രാമ

കുട്ടികൾക്ക് അവരുടെ പാഠഭാഗവുമായി ബന്ധപ്പെട്ട വിഷയങ്ങൾ നാടകരൂപത്തിൽ അവതരിപ്പിക്കാനുള്ള വേദി ഒരുക്കുന്നു. ഇത് ഓരോ ടേമിലെയും അവസാനം ചെയ്യിപ്പിക്കുന്നു

**ലക്ഷ്യം**

ഉച്ചാരണ വൈകല്യങ്ങൾ പരിഹരിച്ച് ഭാഷാ ഉപയോഗശേഷി വളർത്തുന്നതിന്

**പ്രവർത്തനം**

1. ചർച്ച

കുട്ടികൾക്ക് ഏതെങ്കിലും വിഷയം നൽകുകയും അതിനെക്കുറിച്ച് അവർക്കറിയാവുന്ന രീതിയിൽ പറയാനും ആവശ്യപ്പെടുന്നു

2. പ്രസംഗം

ദിനാചരണങ്ങളുടെ ഭാഗമായി 3 മാസം കൂടുമ്പോൾ കുട്ടികൾക്ക് പ്രസംഗ മത്സരം സംഘടിപ്പിക്കുന്നു

3. കഥപറച്ചിൽ, കവിതാലാപനം

ഇംഗ്ലീഷ് കവിതകൾ അടങ്ങിയ പുസ്തകങ്ങൾ നൽകുകയും കവിതകൾ ആലപിക്കാനുള്ള പരിശീലനം നൽകുകയും ചെയ്യുന്നു

4. വായനാമത്സരം

